## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 148

07.08.2017-ൽ മറുപടിയ്ക്ക്

## റോഡപകടങ്ങളും സോഫ്റ്റ് വോളണ്ടിയർമാരും

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് വിശദമായി പരിശോധിച്ചിട്ടുണ്ടോ ; | (എ) | കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് റോഡപകടങ്ങൾ നേരിയ തോതിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത് : | (ബി) | റോഡപകടങ്ങൾ തടയുക, ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 'ശുഭയാത്ര 2015' പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധന നടത്തി ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും റോഡപകടങ്ങൾ തടയുന്നതിനായി റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകൾ ഊർജ്ജിതമായി ചെയ്തു വരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും, അമിത വേഗത്തിലും, അപകടകരമായും, ലൈസൻസ് ഇല്ലാതെയും, ഹെൽമറ്റ് ഉപയോഗിക്കാതെയും, സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം |

ഓടിക്കുന്നവർക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നതും, കൂടാതെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള ശുപാർശകൾ നൽകുകയും ചെയ്തു വരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നഗര പ്രദേശങ്ങളിലും ദേശീയപാതകളിലും കൂടുതൽ പോലീസുദ്യോഗസ്ഥരെയും ഹോംഗാർഡുമാരെയും ട്രാഫിക് വാർഡൻമാരെയും നിയോഗിച്ചും സ്റ്റുഡൻസ് പോലീസ് കേഡറ്റുകളുടെ സേവനങ്ങളും ഉപയോഗിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. സ്ക്കൂൾ വാഹനങ്ങൾ അപകടത്തിൽ പ്പെടാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിനായി 'ഓപ്പറേഷൻ സെയ്ഫ്' പദ്ധതി നടപ്പിലാക്കി വരുന്നു.

കൂടാതെ നിരന്തരം അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'ആക്സിഡന്റ് പ്രോൺ ഏരിയ' മുന്നറിയിപ്പ് ബോർഡുകൾ, സൈൻബോർഡുകൾ Warning സിഗ്നൽ ലൈറ്റുകൾ, സി.സി.റ്റി.വി ക്യാമറകൾ എന്നിവ സ്ഥാപിച്ച് നീരിക്ഷിച്ചും റോഡ് മാർജിനുകൾ മാർക്ക് ചെയ്തും സ്ക്കൂളുകളിലും കോളേജുകളിലും പൊതു ജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ഹൈവേ ജാഗ്രതാ സമിതികൾ, ആക്സിഡന്റ് റിവ്യൂ കമ്മിറ്റി, ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ എന്നിവ രൂപീകരിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) അടിയന്തിര ഘട്ടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് വൈദ്യസഹായം നൽകി ആശുപത്രിയിൽ എത്തിക്കുന്നതിന് സോഫ്റ്റ് വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ടോ ;

(സി) തിരുവനന്തപുരം സിറ്റിയിലും തിരുവനന്തപുരം റൂറലിലും സോഫ്റ്റ് (Save Our Fellow Traveller) വാളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ സോഫ്റ്റ് വോളണ്ടിയർമാരുടെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദവിവരം നൽകുമോ ?

(ഡി) സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിൽ ഓരോ സർക്കിളിലെയും വിവിധ സ്ഥലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാർ, ചുമട്ടു തൊഴിലാളികൾ, കച്ചവടക്കാർ, മറ്റു സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ട്രോമാകെയർ ഉൾപ്പെടെ വേണ്ടത്ര പരിശീലനം നൽകിയ ശേഷം സോഫ്റ്റ്‌വാളണ്ടിയർമാരായി നിയോഗിച്ചിട്ടുണ്ട്. വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനും എത്രയും വേഗം സുരക്ഷിതമായി ആശുപത്രിയിൽ എത്തിക്കുന്നതിനും മറ്റുമാണ് സോഫ്റ്റ് വാളണ്ടിയർമാരുടെ സേവനം വിനിയോഗിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ